# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :138.

15..6..2012-ൽ മറുപടിക്ക്

## കാലിത്തീറ്റ ലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>,, കെ. രാധാകൃഷ്ണൻ<br>,, റ്റി.വി. രാജേഷ്<br>,, കെ. കുഞ്ഞിരാമൻ(ഉദുമ) | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാലിത്തീറ്റയുടെ വരവ് കുറഞ്ഞതോടെ ക്ഷീരകർഷകർ പ്രതിസന്ധി നേരിടുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സർക്കാർ സംവിധാനത്തിനു കീഴിലുള്ള സ്ഥാപനങ്ങളായ കേരളാ ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവ മുഖേന കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയും അതിന്മേലുള്ള കൂടിയ വിലയും കാലിത്തീറ്റ ഉല്പാദനത്തെ ബാധിക്കാറുള്ളതിനാൽ ചില പ്രദേശങ്ങളിൽ കാലിത്തീറ്റ ലഭ്യതയ്ക്ക് താമസം നേരിടാറുണ്ട്. |
| (ബി) കാലിത്തീറ്റ ലഭ്യത ഉറപ്പു വരുത്തുവാൻ സർക്കാർ തലത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) സർക്കാർ നിയന്ത്രണത്തിലുള്ള കേരളാ ഫീഡ്സ്, സഹകരണ സ്ഥാപനമായ മിൽമ, ഇവയുമായി ആലോചിച്ച് കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) കന്നുകുട്ടി പരിപാലനം, പശു വളർത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടോ; | (സി) മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന പ്രോജക്ടുകളിൽ കാലിത്തീറ്റ ലഭ്യത ഉറപ്പു വരുത്താറുണ്ട്. |

| | |
|---|---|
| (ഡി) ക്ഷീര കർഷകരെ ഈ പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടുത്താൻ എന്തൊക്കെ ചെയ്യുമെന്ന് വ്യക്തമാക്കാമോ? | (ഡി) കാലിത്തീറ്റയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള കേരളാ ഫീഡ്സ്, സഹകരണ സ്ഥാപനമായ മിൽമ, ഇവയുമായി ആലോചിച്ച് കാലിത്തീറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 3000 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.